# കേരള കാർഷിക സർവകലാശാല
## കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി



# ഒറ്റ കൈയ്യൻ ബ്രഷ് കട്ടർ




ഫോൺ
0487 2370726

ഇ-മെയിൽ
arsmannuthy@kau.in

മൊബൈൽ
08330870726

കേരള സർക്കാറിന്റെ കീഴിലുള്ള വൈകല്യ പഠന കേന്ദ്രത്തിന്റെ സാമ്പത്തിക സഹായത്തോടെ ശാരീരിക വൈകല്യങ്ങൾ ഉള്ള വ്യക്തികൾക്ക് വേണ്ടി രൂപ കൽപന ചെയ്ത യന്ത്രമാണ് ഒറ്റ കൈയ്യൻ ബ്രഷ് കട്ടർ. നിലവിലുള്ള ബ്രഷ് കട്ടറിൽ മാറ്റങ്ങൾ വരുത്തി ഒരു കൈ കൊണ്ട് ഉപയോഗിക്കാവുന്ന രീതിയിലാണ് ഇത് വികസിപ്പിച്ചിട്ടുള്ളത്. ഇതിൽ എഞ്ചിൻ സ്റ്റാർട്ട് ആക്കുന്നതിന് സെൽഫ് സ്റ്റാർട്ടിങ്ങ് സിസ്റ്റം വികസിപ്പിക്കുകയും ചെയ്തു. ബ്രഷ് കട്ടറുകളിൽ സെൽഫ് സ്റ്റാർട്ടിങ്ങ് സിസ്റ്റം ഉപയോഗിക്കുന്നത് ചരിത്രത്തിൽ തന്നെ ഇത് ആദ്യമായിട്ടായിരിക്കും.

## പ്രധാന മാറ്റങ്ങൾ

- സാധാരണ ഹാന്റിൽ ബാറിനെ ഒരു കൈയോട് കൂടി ഉപയോഗിക്കാവുന്ന ആക്സിലേറ്റർ നോബ് സംവിധാനത്തോട് കൂടിയ ഒറ്റ കൈയ്യൻ ഹാന്റിൽ ബാറ് ആക്കി വികസിപ്പിച്ചു.





- ഒറ്റ കൈയ്യൻ ഹാന്റിൽ ബാറിനെ താങ്ങി നിർത്തുന്നതിനും ബാലൻസ് ചെയ്ത് പിടിക്കുന്നതിനും കൈതണ്ടയിൽ ഒരു കവചവും ഘടിപ്പിച്ചിട്ടുണ്ട്





- സാധാരണ ബ്രഷ്കട്ടറുകളിലുള്ള റീകോയിൽ സ്റ്റാർട്ടിങ്ങ് മാറ്റി ഒരു സെൽഫ് സ്റ്റാർട്ടിങ്ങ് സംവിധാനം കൊടുക്കുകയും അതിന്റെ ബാറ്ററി ഷോൾഡർ ബെൽറ്റിൽ ഘടിപ്പിച്ച് പുറത്തിടാവുന്ന രീതിയിലാണ് രൂപ കൽപന ചെയ്തിട്ടുള്ളത്.



ശാരീരിക വൈകല്യങ്ങൾ ഉള്ളവർക്ക് വരെ വളരെ അനായാസം കൈകാര്യം ചെയ്യുവാൻ സാധിക്കുന്ന ഈ ബ്രഷ് കട്ടർ മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം, ഭക്ഷ്യ സുരക്ഷാ സേന ഗവേഷണ വിഭാഗമാണ് രൂപകൽപന ചെയ്തത്. നിലവിലുള്ള ബ്രഷ്കട്ടറിൽ ചെയ്തിട്ടുള്ള മാറ്റങ്ങൾ വരുത്തുന്നതിന് ഏകദേശം 20,000/ രൂപ ചിലവ് വരും.

## കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി

**മണ്ണുത്തി (പി.ഒ), തൃശ്ശൂർ (ജില്ല), പിൻ: 680651, കേരളം**

**ഫോൺ: 0487 2370726, മൊബൈൽ: 09446370726,**

**ഇ-മെയിൽ:** arsmannuthy@kau.in